(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നേരിട്ടുള്ള നിയമനത്തിൽ നിന്നും തികച്ചും വ്യത്യസ്തമാണ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം. മരണമടയുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ കുടുംബത്തിന് പെട്ടെന്ന് ഉണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുക എന്നത് മാത്രമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അതിനാൽത്തന്നെ നേരിട്ടുള്ള നിയമനത്തിന് ബാധകമായ വ്യവസ്ഥകൾ സമാശ്വാസ തൊഴിൽധാന പദ്ധതി പ്രകാരമുള്ള നിയമനത്തിന് ബാധകമല്ല മരണമടയുന്ന സർക്കാർ ഉദ്യോഗസ്ഥന്റെ സാമ്പത്തിക സ്ഥിതി മാത്രമാണ് ആശ്രിത നിയമനം നൽകുന്നതിനുള്ള പ്രധാന മാനദണ്ഡമെന്ന് ബഹു. സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളതിനാൽ പട്ടികവിഭാഗക്കാരെ മാത്രം ഉയർന്ന വരുമാന പരിധിയിൽ നിന്നും ഒഴിവാക്കി നടപടി സ്വീകരിക്കാൻ കഴിയില്ല.

ആശ്രിത നിയമനം

56(1302) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് 1995-ൽ ഇറക്കിയ ഉത്തരവ് ലഭ്യമാക്കുമോ ; ആശ്രിത നിയമനത്തിന് 2 വർഷം സേവനകാല ദൈർഘ്യം മാത്രം മതിയെന്നും ആയതിന്റെ മുൻകാല പ്രാബല്യം 1970 മുതൽ ഉണ്ടെന്നും പറയുന്ന പ്രസ്തുത ഉത്തരവിലൂടെ എത്രപേർക്ക് നിയമനം ലഭിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ആശ്രിത നിയമനവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ സമഗ്രമായി പ്രതിപാദിക്കുന്ന 1995-ൽ പുറത്തിറക്കിയ 30-3-1995-ലെ സ.ഉ.(പി) 7/95/ഉ.ഭ.പ.വ. അനുബന്ധം I-ൽ* കാണാവുന്നതാണ് ടി ഉത്തരത്തിൽ. ആശ്രിത നിയമനം ലഭിക്കുന്നതിന് മരണപ്പെട്ട സർക്കാർ ഉദ്യോഗസ്ഥന്റെ സേവനകാല ദൈർഘ്യം രണ്ട് വർഷം മതിയെന്ന് വ്യവസ്ഥയുള്ളതായി കാണുന്നില്ല. എന്നാൽ 10-4-1992-ലെ സ.ഉ.(പി) 20/92/ഉ.ഭ.പവ. ഉത്തരവിൽ (അനുബന്ധം II)* ആശ്രിത നിയമനം ലഭിക്കുന്നതിന് മരണപ്പെട്ട സർക്കാർ ഉദ്യോഗസ്ഥൻ രണ്ട് വർഷം ജോലി ചെയ്തിരിക്കണമെന്ന വ്യവസ്ഥയുണ്ട്. 30-3-1995-ലെ സ.ഉ.(പി) 7/95/ഉ.ഭ.പ.വ.-ൽ 1970-നു മുമ്പ് മരണമടഞ്ഞ സർക്കാർ ഉദ്യോഗസ്ഥന്റെ ആശ്രിതർക്കും പ്രസ്തുത നിയമനത്തിന് അർഹതയുള്ളതായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ടി 1995-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ ആശ്രിത നിയമനങ്ങളുടെ എണ്ണം കണക്കാക്കിയിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly